(സി) പ്രസ്തുത ഭൂമിയിലെ ആദായം ഇപ്പോൾ കൈകാര്യം ചെയ്യുന്നതാരാണ്; ഈ ഇനത്തിൽ എത്ര രൂപ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചു വരുന്നു.

(ബി) നാളിതുവരെ 02 ഹെക്ടർ 32 ആർ ഭൂമി കയ്യേറിയവരിൽ നിന്നും ഒഴിപ്പിച്ചിട്ടുണ്ട്.

(സി) ഒഴിപ്പിച്ചെടുത്ത പ്രസ്തുത ഭൂമി ചടയമംഗലം വില്ലേജാഫീസറുടെ അധീനതയിലാണ്. ടി സ്ഥലത്ത് ഉദ്ദേശം രണ്ട് വർഷം പ്രായമായ തൈകളും 25 വർഷം പ്രായമായ കാഫലമില്ലാത്ത തെങ്ങുകളുമാണുള്ളത്. ആയതിനാൽ ടി സ്ഥലത്തു നിന്നും ഇപ്പോൾ ആദായമൊന്നും ലഭിക്കുന്നില്ല.

66 (568) നാരങ്ങാകോണം കുളം കയ്യേടക്കാനുള്ള ശ്രമം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ വീരണക്കാവ് വില്ലേജിൽ സ.നം.294/5 നാരങ്ങാകോണം കുളം വ്യാജ പട്ടയത്തിന്റെ മറവിൽ ഏതെങ്കിലും സ്വകാര്യ വ്യക്തികൾ കയ്യടക്കി വച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച ഏതെങ്കിലും പരാതി പൂവച്ചൽ പഞ്ചായത്ത് അധികാരികളോ നാട്ടുകാരോ ജില്ലാ കളക്ടർക്ക് നല്കിയിട്ടുള്ളതായി അറിയുമോ;

(സി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ജില്ലാ കളക്ടറേറ്റിലെ ഇതുമായി ബന്ധപ്പെട്ട ബി2-77351/95-ാം നമ്പർ ഫയലിൽ തീർപ്പു കല്പിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്)പ്രസ്തുത സർവെ നമ്പരിൽപ്പെട്ട മരങ്ങൾ മുറിച്ചു മാറ്റിയതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വീരണക്കാവ് വില്ലേജിൽ നാരങ്ങാകോണം സർവെ നം.294/5 ൽപ്പെട്ട 50 സെന്റ് ഭൂമിയിൽ കുളം പുറമ്പോക്കായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള 21.20 ആർ ഭൂമിയിൽ ഇപ്പോൾ കുളമായി കിടക്കുന്ന 3.15 ആർ സ്ഥലം കഴിച്ച് ബാക്കി 18.05 ആർ സ്ഥലം പലയാളുകളുടേയും കൈവശത്തിലാണ്. കൂടാതെ ടി സർവേ നമ്പരിൽ തന്നെ ഏനോസ് ജസ്റ്റസ് എന്ന വ്യക്തിക്ക് എൽ.എ.88/78/-ാം നമ്പർ ഉത്തരവ് പ്രകാരം 29/5/87 - ൽ നെടുമങ്ങാട് തഹസീൽദാർ 12 സെന്റിന് പട്ടയവും നൽകിയിട്ടുണ്ട്.

(ബി) ശ്രീ. ഏനോസ് ജസ്റ്റസിന് ഭൂമി പതിച്ചു പട്ടയം നൽകിയ ഉത്തരവ് റദ്ദ് ചെയ്യുന്നതിനും അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനും പൂവച്ചൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റും നാട്ടുകാരും നിവേദനം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി)-(ഇ) ഇതുസംബന്ധിച്ച് കളക്ടറേറ്റിലെ ബി2-77351/95 എന്ന ഫയലിൽ നടപടി നടന്നു വരുന്നു. ഏനോസ് ജസ്റ്റസിന് പട്ടയം നൽകിയ നടപടി തെറ്റായിരുന്നുവെന്നും ഇത് അനധികൃതമായ ഭൂമി കൈയേറ്റമാണെന്നും നെടുമങ്ങാട് തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങളിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുവാൻ തഹസീൽദാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(എഫ്)&(ജി) മരങ്ങൾ മുറിച്ചുമാറ്റിയതിനെ സംബന്ധിച്ച് നാട്ടുകാരിൽ നിന്ന് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ തിരുവനന്തപുരം ജില്ലാകളക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് നിയമാനുസൃതമായ അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

67 (569) ചെള്ളിവയൽ മണ്ണിട്ടു നികത്താനുള്ള നീക്കം

<u>ശ്രീ. എം. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽസ്റ്റേഷനു പിന്നിലുള്ള ചെള്ളിവയൽ മണ്ണിട്ടു നികത്തുവാനുള്ള സ്വകാര്യ വ്യക്തികളുടെയും സംഘടനകളുടേയും നീക്കം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ മണ്ണിട്ടു നികത്തുന്നത് തടയണമെന്ന് അപേക്ഷിച്ചുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ മണ്ണിട്ടു നികത്തുന്നത് തടയുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

68 (570) മുളക്കുഴ വില്ലേജ് വിഭജിക്കുവാൻ നടപടി

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളക്കുഴ വില്ലേജ് വിഭജിച്ച് മുളക്കുഴ, കാരക്കാട് എന്നീ വില്ലേജുകൾ രൂപീകരിക്കാൻ എന്തെങ്കിലും പ്രൊപ്പോസൽ ഉണ്ടോ;

(ബി) മുളക്കുഴ വില്ലേജിന്റെ ബാഹുല്യം കണക്കിലെടുത്ത് പ്രസ്തുത വില്ലേജ് വിഭജനം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മുളക്കുഴ വില്ലേജ് വിഭജിക്കുവാനുള്ള നിർദ്ദേശം നിലവിലില്ല.

(ബി) റവന്യൂ യൂണിറ്റുകളുടെ പുനഃസംഘടന സംബന്ധിച്ച് തീരുമാനമെടുക്കുമ്പോൾ ഈ ആവശ്യവും പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly